LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ ആശുപത്രികളിലെ സാമ്പത്തിക ചൂഷണം

22 (*442) ഡോ. എൻ. ജയരാജ്:

ശ്രീ. പ്രമോദ് നാരായൺ:

ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) രോഗികളുടെ ദുരിതം മുതലെടുത്ത് സാമ്പത്തിക ചൂഷണം നടത്തുന്ന വൻ വ്യവസായമായി രാജ്യത്തെ മിക്ക സ്വകാര്യ ആശുപത്രികളും മാറിക്കഴിഞ്ഞെന്ന സുപ്രീം കോടതിയുടെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികളിലെ സാമ്പത്തിക ചൂഷണം നിയന്ത്രിക്കുന്നതിന് പര്യാപ്തമായ എന്തൊക്കെ നിയമങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

&

(സി) ഈ മേഖലയിൽ കൂടുതൽ കർശന നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളെയും ക്ലിനിക്കൽ സ്ഥാപനങ്ങളെയും ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനായി 2018-ലെ കേരളാ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് നിലവിൽ വന്നു. പ്രസ്തുത ആക്ടിലെ പ്രധാനപ്പെട്ട വകുപ്പുകൾ താഴെ പറയുന്നു :

വകുപ്പ് 16 (1) പ്രകാരം കേരളത്തിലെ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും ബന്ധപ്പെട്ട അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

വകുപ്പ് 16(2) പ്രകാരം ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ക്ലിനിക്കൽ സ്ഥാപനം നടത്തുവാൻ പാടുള്ളതല്ല.

വകുപ്പ് 19(2) പ്രകാരം താത്ക്കാലിക രജിസ്ട്രേഷനുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനവും, താത്ക്കാലിക രജിസ്ട്രേഷൻ കാലാവധി തീരുന്ന തീയതിക്ക് അറുപത് ദിവസം മുൻപായി സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതാണ്.

വകുപ്പ് 19(12) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനം നിർണ്ണയിക്കപ്പെട്ട നിലവാരം സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും പരീക്ഷിക്കുന്നതിനുമായി സ്വതന്ത്ര അസസ്സർമാരുടെ ഒരു പാനൽ രൂപീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് 39(1) പ്രകാരം ഒരോ ക്ലിനിക്കൽ സ്ഥാപനവും ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് അതിന്റെ താത്ക്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കേണ്ടതാണ്.

വകുപ്പ് 39(2) പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും അവിടെ നൽകിവരുന്ന ഓരോ തരത്തിലുള്ള സേവനങ്ങൾക്കും ലഭ്യമായ സൗകര്യങ്ങൾക്കും ഈടാക്കുന്ന ഫീസ് നിരക്കും പാക്കേജ് നിരക്കും രോഗികളുടെ അറിവിലേയ്ക്കായി ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് മലയാളത്തിലും അതുപോലെ ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണ്.

വകുപ്പ് 39(3) പ്രകാരം സംസ്ഥാനത്തെ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും പ്രത്യേക നടപടിക്രമങ്ങൾക്കായുള്ള പാക്കേജ് പ്രദർശിപ്പിക്കേണ്ടതാണ്.

വകുപ്പ് 39(4) പ്രകാരം യാതൊരു ക്ലിനിക്കൽ സ്ഥാപനവും പ്രദർശിപ്പിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ ഫീസോ പാക്കേജ് നിരക്കോ ഈടാക്കാൻ പാടുള്ളതല്ല.

വകുപ്പ് 26(2) ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന ഏതൊരാളും ഈ ആക്ടിൽ മറ്റൊരിടത്തും ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ, ആദ്യത്തെ ലംഘനത്തിന് പതിനായിരം രൂപവരെയാകാവുന്ന പിഴശിക്ഷയ്ക്കും രണ്ടാമത്തെ ലംഘനത്തിന് അൻപതിനായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയ്ക്കും തുടർന്നുള്ള ഏതെങ്കിലും ലംഘനത്തിന് അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴശിക്ഷയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്. എന്നാൽ ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നവിധം കുറ്റം ഗുരുതര സ്വഭാവമുള്ളതാണെന്ന്, ബന്ധപ്പെട്ട ആൾക്ക് അല്ലെങ്കിൽ ക്ലിനിക്കൽ സ്ഥാപനത്തിന് നോട്ടീസ് നൽകിയ ശേഷം അന്വേഷണ വിചാരണ നടത്തി കൗൺസിൽ തീരുമാനിക്കുന്ന പക്ഷം, പിഴ ശിക്ഷയ്ക്കു പുറമെ ക്ലിനിക്കൽ സ്ഥാപനം അടച്ചുപൂട്ടുന്നതിന് കൗൺസിലിന് ഉത്തരവിടാവുന്നതാണ്. മാത്രമല്ല 2018-ലെ കേരളാ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം പൊതുജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട പരാതികൾ അതാത് ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)-ക്ക് നൽകാവുന്നതാണ്. ഇത് കൂടാതെ പരാതികൾ പരിശോധിക്കുന്നതിനായി 15-3-2021 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 664/2021/ആരോഗ്യം പ്രകാരം അപ്പലേറ്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ടുള്ള സാമ്പത്തിക ചൂഷണം നിയന്ത്രിക്കുന്നതിനുവേണ്ടി ചുവടെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. 6-7-2020 തീയതിയിലെ സ.ഉ. (സാധാ)നമ്പർ 1246/2020/ ആരോഗ്യം പ്രകാരം കാസ്പിന്റെ ആനുകൂല്യമുള്ളവർക്കും സർക്കാർ ആശുപത്രികളിൽ നിന്ന് കാസ്പ് എംപാനൽഡ് സ്വകാര്യ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യപ്പെടുന്ന രോഗികൾക്കും സൗജന്യ കോവിഡ് ചികിത്സ ലഭ്യമാക്കുന്നു.

2. 3-4-2021 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 392/2021/ഡി.എം.ഡി. പ്രകാരം എല്ലാ സർക്കാർ സ്വകാര്യ കോ-ഓപ്പറേറ്റീവ്, ഇ.എസ്.ഐ. ആശുപത്രികളിലും 50% കിടക്കകൾ കോവിഡ് ചികിത്സയ്ക്കായി മാറ്റിവെച്ചിട്ടുണ്ട്.

3. 2-6-2021 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 1176/2021/ ആരോഗ്യം പ്രകാരം 15 മെഡിക്കൽ സാധനങ്ങളുടെ വില ക്രമീകരിച്ചിട്ടുണ്ട്. ഇത് സ്വകാര്യ ആശുപത്രികളിൽ സ്വയം കോവിഡ് ചികിത്സക്കെത്തുന്ന രോഗികൾക്കും ബാധകമാക്കിയിട്ടുണ്ട്.

പ്രവാസി ക്ഷേമത്തിനായുള്ള പദ്ധതികൾ

23 (*443) ഡോ. കെ. ടി. ജലീൽ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് നാട്ടിലേയ്ക്ക് മടങ്ങാൻ നിർബന്ധിതരായവരുടെ ബാഹുല്യം പരിഗണിച്ച് പ്രവാസി ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾ ഊർജ്ജിതമാക്കിയിരുന്നോ?

കോവിഡ് മഹാമാരിയെത്തുടർന്ന് നാട്ടിലേയ്ക്ക് മടങ്ങിയെത്തിയ പ്രവാസികളുടെ ക്ഷേമത്തിനായിട്ടുള്ള വിവിധ പദ്ധതികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. തിരികെയെത്തുന്ന പ്രവാസികൾക്കായി നോർക്ക മുഖാന്തരം നൽകുന്ന ആനുകൂല്യങ്ങളുടെ പദ്ധതി വിഹിതം നടപ്പ് സാമ്പത്തിക വർഷം വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രവാസി സമാശ്വാസ പുനരധിവാസ പദ്ധതികൾ കൂടുതൽ വിപുലീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി എന്ന പുതിയ സംരംഭത്തിന് 50 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. 2020 ജനുവരി 1 മുതൽ മേയ് 5 വരെ വിദേശത്തുനിന്നും മടങ്ങിയെത്തി ലോക്ഡൗൺ കാരണം തിരികെ പോകാൻ കഴിയാത്തവർക്ക് 5000 രൂപ വീതം ധനസഹായം നൽകിയിരുന്നു. കോവിഡ് ബാധിച്ച പ്രവാസികളിൽ അർഹതയുള്ളവർക്ക് 1,000 രൂപ വീതം ധനസഹായം

LIBRARY ARCHIVES Kerala Legislative Assembly